പുസ്തകപരിചയം






# 'ഗ്രീൻ ടേപ്പിസം' പരിസ്ഥിതി നിയമങ്ങളിൽ വെള്ളം ചേർക്കുമ്പോൾ സംഭവിക്കുന്നത്

ഡോ. എ. ലത

നവംബർ 13, 2005. ഇന്ത്യയിലെ പ്രകൃതി വിഭവങ്ങളെ നേരിട്ടാശ്രയിക്കുന്ന ഇരുന്നൂറോളം ഗ്രാമീണരും (ഇങ്ങ് കേരളം മുതൽ അങ്ങ് ആസാം വരെയുള്ളവർ ഇവരിൽപ്പെടുന്നു) അവരെ സഹായിക്കുന്ന വിവിധ പാരിസ്ഥിതിക സാമൂഹിക സംഘടനകളും ചേർന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് ''മരണ സർട്ടിഫിക്കറ്റ്'' നൽകി. അണക്കെട്ടുകളുടെ പേരിൽ, ഷിപ്പിംഗ് ഹാർബറിന്റെ പേരിൽ, സേതുസമുദ്രം ഷിപ്പിംഗ് ചാനലിന്റെ പേരിൽ ബോക്സൈറ്റ് മൈനിംഗിന്റെ പേരിൽ ജനിച്ചു വളർന്ന നാടും കൃഷിഭൂമിയും പുഴയും കാടും എല്ലാം നഷ്ടപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസികളും മുക്കുവന്മാരും കൃഷിക്കാരും ആ കൂട്ടത്തിൽപ്പെടും.

''ഗ്രീൻ ടേപ്പിസം'' എന്ന പുസ്തകം മേൽസൂചിപ്പിച്ച 'മരണസർട്ടിഫിക്കറ്റ്' കൊടുക്കാനുണ്ടായ സാഹചര്യം തുറന്നുകാണിക്കുക വഴി ഇന്ത്യയിൽ കഴിഞ്ഞ കുറെ വർഷങ്ങളായി പരിസ്ഥിതി സംരക്ഷിക്കാൻ വേണ്ടി ഉണ്ടാക്കിയിട്ടുള്ള നിയമങ്ങളെയും വിജ്ഞാപനങ്ങളെയും പതുക്കെപതുക്കെ വെള്ളം ചേർത്തുകൊണ്ടുവരുന്ന സാഹചര്യങ്ങളിലേക്ക് കാര്യകാരണസഹിതം വെളിച്ചം വീശാൻ ശ്രമിക്കുന്നു.

ശ്രീ. അരുൺ ഷനരി കേന്ദ്രമന്ത്രിയായിരിക്കുന്ന കാലഘട്ടത്തിൽ തുടങ്ങിവെച്ച 'നിക്ഷേപസൗഹാർദ്ര പരമായ' അന്തരീക്ഷമൊരുക്കലിന്റെ ഭാഗമായിട്ടാണ് ഗോവിന്ദരാജൻ കമ്മിറ്റി 2002ൽ നിയുക്തമായത്.

ഈ റിപ്പോർട്ട് "Report of the Govindarajan Committee" എന്നാണ് അറിയപ്പെടുന്നത്. ഇന്ത്യയിൽ ആഗള നിക്ഷേപസൗഹാർദ്ദ അന്തരീക്ഷം സൃഷ്ടിക്കാൻ വിഘാതമായി നിൽക്കുന്ന നിയമങ്ങളെയും ഭരണപരമായ ഘടനാക്രമങ്ങളെയും 'ഉടച്ചുവാർക്കാൻ' (Reengineering) ഉതകുന്ന അടിത്തറയിടുന്ന ഒന്നായിരുന്നു ആ റിപ്പോർട്ട്. ഇതിനകത്ത് കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന് കീഴിൽ വരുന്ന environmental and forest clearance mechanisms ഉം ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച നിയമങ്ങളും ലഘൂകരിക്കാനും പാരിസ്ഥിതിക അനുമതി എളുപ്പമാക്കാനുമുള്ള ശക്തമായ നിർദ്ദേശങ്ങൾ അടങ്ങിയിരിക്കുന്നതായി കാണാം.

ഗോവിന്ദരാജൻ കമ്മിറ്റി റിപ്പോർട്ടിന്റെ ചുവടു പിടിച്ചുകൊണ്ട് പുതിയ കേന്ദ്രപരിസ്ഥിതി സെക്രട്ടറിയും നിയമിതനായി. (Secretary MOEF) ഗോവിന്ദരാജൻ കമ്മിറ്റിയിലെ അംഗമായിരുന്ന ഒരു വ്യക്തിയാണ് ഇന്ത്യയുടെ പരിസ്ഥിതി സംരക്ഷണത്തിന്റെ ചുമതല ഏറ്റെടുക്കുന്നതെന്നതും ശ്രദ്ധേയമാണ്.

1994ൽ നിലവിൽവന്ന പരിസ്ഥിതി ആഘാത വിശകലന വിജ്ഞാപനം (EIA Notification 1994) 2005 ആയപ്പോഴേക്കും പതിമൂന്ന് തവണ ഭേദഗതി ചെയ്യപ്പെട്ടു കഴിഞ്ഞിരുന്നു. 2006ൽ സമൂലമായി ഉടച്ചുവാർത്ത് പുതിയ വിജ്ഞാപനമായി മാറുകയും ചെയ്തു (EIA Notification 2006) എന്നത് ഒരുപക്ഷേ ചരിത്രത്തിൽതന്നെ അപൂർവ്വമായ സംഭവമായിരിക്കും.

1986ൽ നിലവിൽവന്ന പരിസ്ഥിതി സംരക്ഷണ നിയമവും 1996ൽ ഇ.പി.എ.യുടെ പരിധിയിൽ നിലവിൽവന്ന പരിസ്ഥിതി ആഘാത വിശകലന വിജ്ഞാപനവും കഴിഞ്ഞ പത്ത് കൊല്ലത്തോളം പരിസ്ഥിതി നാശത്തിനും മനുഷ്യാവകാശ ലംഘനത്തിനും എതിരെ ശബ്ദം ഉയർത്താൻ ശ്രമിക്കുന്നവർക്കും കോടതികളെ സമീപിക്കുന്നവർക്കും ഒരു വഴികാട്ടിയായി പ്രവർത്തിച്ചുപോന്നു. കേരളത്തിലെ അതിരപ്പിള്ളി പദ്ധതിയുമായി ബന്ധപ്പെട്ടു നടന്നിട്ടുള്ള കോടതിയിടപെടലുകൾക്ക് പ്രധാന നിദാനം മേൽസൂചിപ്പിച്ച ഇ.ഐ.എ വിജ്ഞാപന ലംഘനം തന്നെയാണ്. എന്നാൽ 2006 സെപ്റ്റംബർ 14ന് നിലവിൽവന്ന പുതിയ വിജ്ഞാപനം പ്രോജക്റ്റുകൾ സമർപ്പിക്കുന്ന ഏജൻസികൾക്ക് പാരിസ്ഥിതിക അനുമതിക്കുള്ള നടപടിക്രമങ്ങൾ എളുപ്പമാക്കുന്നതായി കാണാൻ സാധിക്കും. ''ഗ്രീൻ ടേപ്പിസം'' എന്ന പുസ്തകം 2006ൽ പൊളിച്ചു കാണിക്കാനും അതിന്റെ പിന്നിലുള്ള നിക്ഷിപ്ത താൽപര്യങ്ങളെ പുറത്തുകൊണ്ടുവരാനും ശ്രമിക്കുന്നു.

പുതിയ വിജ്ഞാപനം ഒരുപാട് പുതിയ പ്രശ്നങ്ങൾ തുടങ്ങിവെക്കുന്നു. പഞ്ചായത്ത് രാജ് ആക്റ്റ് നിലവിൽവന്നെങ്കിലും പുതിയ വിജ്ഞാപനത്തിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വന്തം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ കാര്യത്തിൽ തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം, പങ്ക് നിഷേധിക്കുന്നു. മാത്രമല്ല

പൊതുതെളിവെടുപ്പ് പാനലിൽ അംഗങ്ങളായിരുന്നു. അതുപോലെതന്നെ പൊതുതെളിവെടുപ്പ് ഇല്ലാതാക്കാനുള്ള പഴുതുകളും പുതിയ വിജ്ഞാപനത്തിലുണ്ട്.

പാരിസ്ഥിതിക അനുമതിക്ക് അപേക്ഷിക്കുന്നതിന് മുമ്പുതന്നെ പ്രോജക്റ്റ് നടപ്പിലാക്കാനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടങ്ങാൻ അനുമതി! ചിലയിനം പദ്ധതികൾക്ക് ഇനിമുതൽ സംസ്ഥാനതല അംഗീകാരം മതി! കേന്ദ്ര പരിസ്ഥിതി അനുമതിക്കുവേണ്ടി ബുദ്ധിമുട്ടേണ്ടതില്ല. കാറ്റഗറി ബി എന്നയിനത്തിൽപ്പെട്ട പദ്ധതികൾക്കാണീ സൗജന്യം. ഛത്തിസ്ഗഢ് സംസ്ഥാനത്തിൽ 'ഷിയോനാഥ്' നദിയുടെ 21 കി.മീ വാങ്ങിക്കുന്ന കൈലാശ് സോണിമാർ എല്ലാ സംസ്ഥാനങ്ങളിലും ഉണ്ടായിവരാൻ ഇനിയെത്ര എളുപ്പം.

ഇന്ത്യയിൽ കഴിഞ്ഞ ഒരു ദശകത്തിലേറെയായി നടന്നുവരുന്ന പരിസ്ഥിതി ആഘാതനിയമലംഘനങ്ങളും അവയെ ധീരമായി ചെറുത്തുനിൽക്കാൻ ശ്രമിക്കുന്ന മനുഷ്യസമൂഹങ്ങളും 'ഗ്രീൻ റ്റേപിസത്തിൽ' പഠനങ്ങളായി അവതരിപ്പിക്കപ്പെടുന്നു. ഏറ്റവും പുതിയ മാലിന്യമായ "ഇ-വേസ്റ്റ്" വരുത്തിവെക്കുന്ന ഗുരുതരമായ ആരോഗ്യ/പരിസ്ഥിതി പ്രശ്നങ്ങൾ പുതിയ (2006) വിജ്ഞാപനം പാടെ വിസ്മരിക്കുമ്പോൾ, ആഗോള കാലാവസ്ഥാ മാറ്റം മറികടക്കാൻ മരങ്ങൾ വെച്ചുപിടിപ്പിക്കുകയാണ് ഇന്നിന്റെ ഏറ്റവും വലിയ അത്യാവശ്യം എന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന പ്രധാനമന്ത്രിയുടെ ആഹ്വാനം എന്താണ് സൂചിപ്പിക്കുന്നത്. അതിലെ വിരോധാഭാസം തന്നെയല്ലേ ഇത്തരത്തിലുള്ള പരിസ്ഥിതി വിജ്ഞാപന ഭേദഗതികൾ തുറന്നുകാട്ടുന്നത്.

ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന എൻവയോൺമെന്റ് സപ്പോർട്ട് ഗ്രൂപ്പിലെ നാലുപേർ (ലിയോ സർദന, അഭയരാജ് നായിക്, അർപിതാ ജോഷി, സുബ്രഹ്മണ്യ ശാസ്ത്രി) ചേർന്ന് പരിസ്ഥിതി ആഘാത നിയമങ്ങളിൽ വന്നുചേർന്നിട്ടുള്ള അപചയം വളരെ ആഴത്തിലും വ്യക്തതയിലും തുറന്നുകാണിക്കാൻ ശ്രമിച്ചിട്ടുള്ള "ഗ്രീൻ ടേപ്പിസം" എന്ന സംരംഭം ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഒരു റഫറൻസ് ഗ്രന്ഥം തന്നെയാണ്.

Green Tapism - A Review of the Environmental Impact Assessment Notification-2006 by Leo F. Saldanha, Abhayraj Naik, Arpita Joshi, Subramania Sastry. Publishers : Environment Support Group. (Bangalore) Page 187





കവിത

# അരി വരും

ജോയ് ജോസഫ്

ഒഴവു കഴിഞ്ഞ് മടങ്ങിയ
ചാത്തൂന്റെ പടം
ചുമരിൽ തൂക്കി
ചിതലു പിടിച്ച കരിയും നുകവും
ഉത്തരത്തിൽ കെട്ടിത്തൂങ്ങി
പാടിയെണ്ണിത്തേവിയ
ത്ലാക്കൊട്ട
പൊട്ടിയടർന്ന് തട്ടിൻ പുറത്ത്
കാടിവെള്ളം കലക്കിക്കൊടുത്ത
ചട്ടി മുറ്റത്ത്
കാളകളും പശുക്കളും
താടയാട്ടി പുല്ലും വൈക്കോലും തിന്ന
പുല്ലൂട് പുറത്ത്
വട്ടത്തിൽ കറ്റയടക്കിയ
ചായ്പ്പ് ഇടിഞ്ഞുവീണു
കലശു മരത്തിൽ ചട്ടിക്കലം കമിഴ്ത്തി
വൈക്കോത്തുറു ഓർമ്മയായി
****
വെതയില്ല
നടീലും വെള്ളം തിരിയുമില്ല
വരമ്പത്ത്
പ്ലാവിലയിൽ കഞ്ഞികുടിയില്ല
കൊയ്ത്തില്ല, മെതിയില്ല
പൊന്നരിവാളിൽ
കണ്ണേറിയുന്നോളില്ല
വരമ്പത്ത് കറ്റമുറുക്കണ ആണുങ്ങളും
കറ്റ ചോക്കണ പെണ്ണുങ്ങളുമില്ല
പാടത്ത് ആരും
കാർത്തൂന്ന് വിളിക്കണില്ല
കൊയ്തൊഴിഞ്ഞ ഇടങ്ങളിൽ
താറാവിൻ പറ്റങ്ങളിറങ്ങുന്നില്ല
വാളയാർ കടന്നുവരും
ലോറികൾ കാത്തിരിപ്പാണ്
കുട്ടികൾ
ഫ്ളാറ്റുകൾ പണിയട്ടെ
അരി വരും.

അച്ചാണ്ടി വീട്, തിരുമുടിക്കുന്ന് പി.ഒ., തൃശൂർ